**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1245** | **07-12-2022 - ൽ മറുപടിയ്ക്ക്**

**കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കാൻ ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ? | (എ) | **മൃഗസംരക്ഷണ വകുപ്പ്**<br><br>കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് നൽകി വരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കന്നുകാലികൾക്കുള്ള മൃഗചികിത്സ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ മൃഗാശുപത്രികൾ വഴി നടത്തിവരുന്നു.<br>2. കന്നുകാലികൾക്ക് ആവശ്യമായ ഇൻഷുറൻസ് പരിരക്ഷ ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. ഇൻഷുറൻസ് പ്രീമിയം തുകയിൽ ജനറൽ വിഭാഗത്തിന് 50% വും, എസ്.സി/എസ്.ടി വിഭാഗത്തിന് 70% വും സർക്കാർ സബ്സിഡി നൽകിയാണ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത്.<br>3. കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ 4 മുതൽ 6 മാസം വരെ പ്രായമായ പശുകുട്ടികളെയും എരുമക്കുട്ടികളെയും തിരഞ്ഞെടുത്ത് ഇവയ്ക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റയും ധാതുലവണ മിശ്രിതവും നൽകുകയും ആരോഗ്യ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു.<br>4. കൂടുതൽ പാലുൽപാദന ക്ഷമതയുള്ള പശുക്കളുടെ സംരക്ഷണത്തിനായി മൃഗാശുപത്രികൾ വഴി ധാതുലവണ മിശ്രിതവും സൗജന്യമായി വിതരണം ചെയ്യുന്നു.<br>5. കർഷകർക്ക് ആവശ്യാനുസരണം തങ്ങളുടെ ഉരുക്കളിൽ കൃത്രിമ ബീജസങ്കലനം നടത്തുന്നതിന് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിന്റെ സഹകരണത്തോടെ ജനിതക മേന്മയുള്ള |

വിത്തുകാളകളുടെ ബീജം, കൂടാതെ ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ തുടങ്ങിയവ സൗജന്യമായി സംസ്ഥാനത്തെ മൃഗാശുപത്രികൾ വഴി വിതരണം ചെയ്തുവരുന്നു.

6. ഉല്പാദന ക്ഷമത കൂടിയ പശുക്കളുടെ പ്രത്യുല്പാദന ക്ഷമത നിലനിർത്തുന്നതിനായി സംസ്ഥാനത്തെ മൃഗാശുപത്രികൾ വഴി സൗജന്യമായി വന്ധ്യതാ നിവാരണ ക്യാമ്പുകൾ സംഘടിപ്പിച്ച് വരുന്നു.

**ക്ഷീരവികസന വകുപ്പ്**

മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്നു. 2 പശു യൂണിറ്റ്, 5പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയും, കിടാരി പാർക്ക്, ക്ഷീര ഗ്രാമം എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. കൂടാതെ ഡയറി ഫാം സ്ഥാപിക്കുന്നതിനും, ഫാം യന്ത്രവത്ക്കരണത്തിനും ആധുനികവത്ക്കരണത്തിനുമായിട്ടുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും നൽകുന്നുണ്ട്. ഇതിനു പുറമേ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും, കറവ യന്ത്രം വാങ്ങുന്നവർക്കും അർഹത മുൻഗണന മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകി വരുന്നുണ്ട്. ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്ക്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പ എടുക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്.

ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോട് കൂടി പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി.എം.ആർ എന്നിവ നൽകി വരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശു ഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

വയനാട്, ഇടുക്കി ജില്ലയിലെ ക്ഷീരകർഷകർക്കായി പ്രത്യേക ക്ഷീരവികസന പാക്കേജും നടപ്പിലാക്കി വരുന്നുണ്ട്. കാലഘട്ടത്തിന് അനുസൃതമായ ക്ഷീരവൃത്തി നടപ്പിലാക്കുന്നതിന് കർഷകരെ സജ്ജമാക്കുവാൻ വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ നിർണ്ണായകമായ പങ്ക് വഹിച്ചുവരുന്നു.

| | | | |
|---|---|---|---|
| | | | ക്ഷീരസഹകരണ സംഘങ്ങളിലൂടെ ക്ഷീരകർഷകർ ഉത്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിന് സാധിക്കുന്നു. ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീര കർഷകർക്ക് പെൻഷൻ, കുടുംബപെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, കോവിഡ് ആശ്വാസ ധനസഹായം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. തദ്വാര ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുക എന്ന ദൗത്യം ക്ഷീരവികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ